## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം - 14

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് - ജീവനക്കാര്യം - ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ജൂനിയർ സൂപ്രണ്ട് തസ്തികയും ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹെഡ്ക്ലാർക്ക് തസ്തികയും പുനഃസ്ഥാപിച്ചുകൊണ്ടും ശ്രീ.എം.വിജയൻ, ഹെഡ്ക്ലാർക്കിനെ തസ്തികയോടൊപ്പം ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റിക്കൊണ്ടും ശ്രീ.സി.കെ.കുഞ്ഞുവാവൻ, ഹെഡ്ക്ലാർക്കിനെ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നല്കി ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം :- 1) 07/02/2015-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

2) 29/04/2015-ലെ ഇ 2-16388/2011/ഡി.ഐ.എം.എസ് നമ്പരിലുള്ള ഉത്തരവ്

...............

**ഉത്തരവ് നം. ഇ 2-8271/2014/ഡി.ഐ.എം.എസ്. തീയതി, 29.04.2015**

കോഴിക്കോട് ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.കെ.കെ.അബ്ദുൾ ഹഖിനെ, ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്കൊപ്പം ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്കും, ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഹെഡ്ക്ലാർക്ക് ശ്രീ.എം.വിജയനെ ഹെഡ്ക്ലാർക്ക് തസ്തികയ്ക്കൊപ്പം ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലേക്കും സർക്കാർ നിർദ്ദേശപ്രകാരം താല്ക്കാലികമായി മാറ്റി നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ശ്രീ.കെ.കെ.അബ്ദുൾ ഹഖ്, ജൂനിയർ സൂപ്രണ്ടിനെ ലേ സെക്രട്ടറി & ട്രഷററായി സ്ഥാനക്കയറ്റം നല്കി പരാമർശം (2) ഉത്തരവ് പ്രകാരം മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ നിയമിക്കുകയുണ്ടായി.

ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ മേൽനോട്ട ചുമതലകൾക്ക് ഒരു ജൂനിയർ സൂപ്രണ്ട് അനിവാര്യമായതിനാലും, ശ്രീ.കെ.കെ.അബ്ദുൾ ഹഖ്, ലേ സെക്രട്ടറി & ട്രഷററായി മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ നിയമിതനായതിനാലും ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് താല്ക്കാലികമായി മാറ്റിയ ജൂനിയർ സൂപ്രണ്ട് തസ്തിക തിരികെ ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലേയ്ക്കും അവിടെ നിന്ന് ഹെഡ് ക്ലാർക്ക് തസ്തിക ജീവനക്കാരനുൾപ്പെടെ ഇരഞ്ഞിപ്പാലം ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്കും മാറ്റി സ്ഥാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത മാറ്റങ്ങൾ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിലാകുന്നതാണ്.

(മറുപുറം)

മേൽ സാഹചര്യത്തിൽ, ഈ വകുപ്പിലെ ഏറ്റവും സീനിയറായ പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിലെ ഹെഡ് ക്ലാർക്ക് ശ്രീ.സി.കെ.കുഞ്ഞുവാവനെ 16180-29180 ശമ്പളസ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നല്കി ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ നിയമപ്രകാരമുള്ള പ്രൊബേഷനിലായിരിക്കുന്നതും 20/06/2011-ലെ G.O.(P) No: 85/2011/FIN ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ നല്കേണ്ടതുമാണ്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ നിലവിൽ വരുന്നതാണ്. പ്രസ്തുത ജീവനക്കാർ വിടുതൽ ചെയ്ത തിയതിയും ജോലിയിൽ പ്രവേശിച്ച തിയതിയും അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. എം. ബീനത്ത്
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താക്കൾ

1. ശ്രീ.സി.കെ.കുഞ്ഞുവാവൻ, ഹെഡ്ക്ലാർക്ക്, ഇ.എസ്.ഐ ആശുപത്രി, പാലക്കാട്
2. ശ്രീ.എം.വിജയൻ, ഹെഡ്ക്ലാർക്ക്, ഇ.എസ്.ഐ ആശുപത്രി, ഫറോക്ക്
3. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ഇരഞ്ഞിപ്പാലം
4. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഫറോക്ക്, കോഴിക്കോട്

പകർപ്പ്:-

1. ശ്രീ.കെ.കെ.അബ്ദുൾ ഹഖ്, ജൂനിയർ സൂപ്രണ്ട്, ഇ.എസ്.ഐ ഡിസ്പെൻസറി, ഇരഞ്ഞിപ്പാലം
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല,എറണാകുളം/ഉത്തരമേഖല, കോഴിക്കോട്
3. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, പാലക്കാട്
4. സി.എ ടു ഡി.ഐ.എം.എസ്/ജോയിന്റ് ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാൻസ് ഓഫീസർ/എസ്റ്റാബ്ലിഷ്മെന്റ് സൂപ്രണ്ട്
5. ഫയൽ നമ്പർ ഇ 2-20937/2013/ഡി.ഐ.എം.എസ്
6. ഫയൽ/സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

എസ്കെവി - 29.4.15